ആദ്യം പലിശരഹിതവായ്പയായും വായ്പതുക നിബന്ധനകൾ അനുസരിച്ച് വിനിയോഗിക്കുന്നപക്ഷം ഗ്രാന്റായും പരിഗണിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാർജിൻമണി സ്കീം പ്രകാരവും കൺസോർഷ്യം സ്കീം പ്രകാരവും ആകെ 2207.82 ലക്ഷം രൂപ മാർജിൻമണിയായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 369 പേർക്ക് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 11.19 ലക്ഷം രൂപ മാർജിൻമണി (മാർജിൻമണി പദ്ധതി-1+ കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് സ്കീം-368) അനുവദിച്ചിട്ടുണ്ട്.

കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി നിരക്ക്

33 (1374)ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും മിനിമം കയറ്റുമതി നിരക്ക് കേന്ദ്രം വെട്ടിക്കുറച്ച നടപടി സംസ്ഥാനത്തെ കയർ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി പിൻവലിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേരള സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്രസർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും മിനിമം കയറ്റുമതി നിരക്ക് കേന്ദ്രം വെട്ടിക്കുറച്ചത് കേരളത്തിന്റെ അഭിപ്രായം കണക്കിലെടുത്തായിരുന്നോ; മിനിമം കയറ്റുമതി നിരക്ക് വെട്ടിക്കുറയ്ക്കുമ്പോൾ കേരളത്തിന്റെ അഭിപ്രായം പരിഗണിക്കണമെന്ന കേന്ദ്രസർക്കാരിന്റെ ഉറപ്പ് പാലിക്കപ്പെടുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കേരള സർക്കാരിന്റെ ഈ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാട് അനുകൂലമായിരുന്നില്ല.

(ഡി) 1997-ൽ കയർ ബോർഡ് ചെറുകിട ഉൽപ്പാദകരും കയറ്റുമതിക്കാരും മറ്റുമായി ചർച്ചചെയ്ത് നിശ്ചയിച്ച മിനിമം എക്സ്പോർട്ട് പ്രൈസ്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിരുന്നതെങ്കിലും 1995-ൽ നിലവിലുണ്ടായിരുന്ന എം.ഇ.പി.യിൽനിന്നും എംപ്ലീക്മെന്റ് ചാർജ് നീക്കം ചെയ്തു. എം.ഇ.പി. പുനർനിർണ്ണയം ചെയ്യുകയാണുണ്ടായത്. മാത്രമല്ല കയർ ജിയോടെക്സ്റ്റയിൽസ്, പവർലൂം മാറ്റ്സ് ആൻഡ് മാറ്റിംഗ് എന്നിവയ്ക്കും പൂർണ്ണമായും എം.ഇ.പി.യുടെ പരിധിയിൽ നിന്നും നീക്കം ചെയ്യുകയാണുണ്ടായത്.

കയർഫെഡിന്റെ പ്രവർത്തനങ്ങൾ

34 (1375)ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചകിരിച്ചോറിൽ നിന്നും കടലാസ് ഉൽപാദിപ്പിക്കുന്ന പുതിയ പദ്ധതിയ്ക്ക് കയർഫെഡ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിമൂലം പുതുതായി എത്രപേർക്ക് തൊഴിൽ ലഭിക്കും എന്നറിയിക്കുമോ;

(സി) നടപ്പുവർഷം പുതിയതായി കയർഫെഡ് ഷോറൂമുകൾ തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചകിരിച്ചോറിൽനിന്നും കടലാസ് ഉൽപ്പാദിപ്പിക്കുന്ന പുതിയ പദ്ധതിയെക്കുറിച്ച് കയർഫെഡ് പ്രാരംഭ പഠനം നടത്തിവരുന്നു. പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പദ്ധതിക്ക് രൂപം നൽകുകയുള്ളൂ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. നടപ്പുവർഷം ഉത്തരേൻഡ്യയിൽ നാസിക്ക്, പൂന, അഹമ്മദ്നഗർ, മുംബൈ, റായ്പൂർ, ഷോലാപൂർ, രത്നഗിരി, അകോള, ഔറംഗാബാദ്, വാരണാസി, ഡാർജിലിംഗ്, മുസൂരി, നൈനിറ്റാൾ, അലഹബാദ്, മീററ്റ്, അലിഗർ, ബിജാപൂർ, ഡെറാഡൂൺ, മുസാഫിർ നഗർ, മിർസാപൂർ എന്നീ സ്ഥലങ്ങളിൽ ഷോറൂമുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

കയർ ഗ്രാമങ്ങളെ ദത്തെടുക്കുന്നതിനു നടപടി

35(1376)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഗ്രാമങ്ങളെ ദത്തെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly